" ഭരണഭാഷ മാതൃഭാഷ "

**<u>അഡീഷണൽ എക്സൈസ് കമ്മീഷണറുടെ (ഭരണം) നടപടിക്രമം, കേരളം, തിരുവനന്തപുരം.</u>**

**(സാന്നിദ്ധ്യം - ഡി.രാജീവ്, ഐ.ഓ.എഫ്.എസ്)**

വിഷയം – എക്സൈസ് വകുപ്പ്- എക്സൈസ് ഭരണപരം – തൃശ്ശൂർ ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർമാരുടെ 01.01.2009 മുതൽ 19.08.2011 വരെയുള്ള കാലയളവിലെ സീനിയോരിറ്റി ലിസ്റ്റ് അന്തിമമായി പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം – 1) ഉത്തരവ് നമ്പർ ഇ എക്സ് സി/1074/2016/എക്സ് ഡി 3-TSR തീയതി 19.10.2019.

2) 13.01.2021 ലെ 30/2021/നി.വ നമ്പർ സർക്കാർ ഉത്തരവ്.

3) ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ 02.02.2022 തീയതിയിലെ OA-1293/2020 നമ്പർ അന്തിമ ഉത്തരവ്.

4) തൃശ്ശൂർ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 22.04.2022 തീയതിയിലെ R1 /4895/2016 നമ്പർ കത്ത്.

5) ഉത്തരവ് നമ്പർ ഇ എക്സ് സി/1074/2016/എക്സ് ഡി 3- TSR തീയതി 27.04.2022

**<u>ഉത്തരവ് നമ്പർ ഇ എക്സ് സി/1074/2016/എക്സ് ഡി 3- TSR തീയതി: 03.06.2022</u>**

തൃശ്ശൂർ ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർമാരുടെ 01.01.2009 മുതൽ 19.08.2011 വരെയുള്ള കാലയളവിലെ സീനിയോരിറ്റി ലിസ്റ്റ് പരാമർശം 1 പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത ലിസ്റ്റിനെതിരെ ശ്രീ. ജിന്റോ ജോൺ സി മുതൽ പേർ സർക്കാരിനെയും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെയും സമീപിച്ചിരുന്നതും തുടർന്ന് പരമാർശം 2 പ്രകാരം സർക്കാർ KS&SSR ചട്ടം 27 പ്രകാരം സീനീയോരിറ്റി ലിസ്റ്റ് പുനഃക്രമീകരിക്കുന്നതിന് എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. മേൽ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ടി കാലയളവിലെ പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോരിറ്റി ലിസ്റ്റ് ലഭ്യമാക്കുവാൻ തൃശ്ശൂർ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്ക് നിർദേശം നൽകുകയും, പരമാർശം 4 പ്രകാരം തൃശ്ശൂർ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ പ്രിവന്റീവ് ഓഫീസർമാരുടെ ടി കാലയളവിലെ ലിസ്റ്റ് ലഭ്യമാക്കുകയും തുടർന്ന് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ചട്ടപ്രകാരം, സർക്കാർ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മേൽ കാലയളവിലെ പ്രിവന്റീവ് ഓഫീസർമാരുടെ പ്രൊവിഷണൽ സീനീയോരിറ്റി ലിസ്റ്റ് പരമാർശം 5 പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത ലിസ്റ്റിനെതിരെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ(ഗ്രേഡ്) മാരായ സ/ശ്രീ. എം ജി അനൂപ്കുമാർ, ജിൻ സൈമൺ സി, ജിന്റോ ജോൺ സി, പ്രിവൻറിവ് ഓഫീസർമാരായ സ/ശ്രീ. സുധീരൻ പി കെ, പ്രവീൺ കുമാർ എ പി, മോയിഷ് എ വി, ബാബു പി എം എന്നിവർ പരാതി